**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 324** **05-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ ബാങ്കുകളുടെ സർവ്വീസ് ചാർജ്ജ് ഈടാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ വി കെ പ്രശാന്ത് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജനങ്ങളുടെ സാമ്പത്തിക ഇടപാടുകൾ സുരക്ഷിതവും സുഗമവും സൗജന്യവുമായും നടത്തിയിരുന്ന പൊതുമേഖലാ ബാങ്കുകൾ ക്രമാനുഗതമായി എല്ലാ സാമ്പത്തിക ഇടപാടുകളിലും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് ബാങ്കിംഗ് ഇടപാടുകാരെ നിരുത്സാഹപ്പെടുത്തുന്നതിനിടയാക്കുമെന്നതിനാൽ പ്രസ്തുത നയം തിരുത്താൻ സമ്മർദ്ദം ചെലുത്തുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കും. എന്നാൽ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശപ്രകാരം രാജ്യത്തെ ബാങ്കുകളിൽ പ്രത്യേകിച്ച് പൊതു മേഖല ബാങ്കുകളിൽ ബേസിക് സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് യാതൊരു വിധത്തിലുള്ള ചാർജ്ജും ഈടാക്കുന്നില്ല. ഇതിൽ വളരെ പാവപ്പെട്ടതും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ വിഭാഗം ഉപയോഗിക്കുന്ന ജൻ ധൻ അക്കൗണ്ടിനും ഇത് ബാധകമാണ്. ഇതുകൂടാതെ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചില പൊതുമേഖലാ ബാങ്കുകൾ അവരുടെ മറ്റു സേവിങ്സ് ബാങ്ക് അക്കൗണ്ട്സിലെ മിനിമം ബാലൻസ് ചാർജസ് പോലുള്ള സർവ്വീസ് ചാർജ്ജുകളിൽ ഇളവ് വരുത്തിയിട്ടുമുണ്ട്. |
| (ബി) | എ. റ്റി. എം. വഴി പിൻവലിക്കാവുന്ന തുകയും തവണകളും വെട്ടിക്കുറയ്ക്കുകയും തുടർന്നുള്ള ഓരോ ഇടപാടിനും പ്രത്യേകമായി സർവ്വീസ് ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നതുമൂലം ഇടപാടുകാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പ്രകാരം പൊതു മേഖല ബാങ്കുകൾ ഉൾപ്പെടെ ഉള്ള ബാങ്കുകൾക്ക് അവരുടെ അടിസ്ഥാന ചെലവിനനുസരിച്ച് അവർ നൽകുന്ന സേവനങ്ങൾക്ക് നിർദ്ദിഷ്ട ചാർജ്ജുകൾ ഈടാക്കാൻ അനുവദിച്ചിട്ടുണ്ട്. |
| (സി) | ചെക്കുബുക്കുകൾ വാങ്ങിയിട്ടുള്ള ഇടപാടുകാർ ആയത് ഉപയോഗിച്ചില്ലെങ്കിലും പ്രതിമാസം സർവ്വീസ് ചാർജ്ജ് നൽകേണ്ടിവരുന്നതും മാസത്തിൽ രണ്ടുതവണയായി ചെക്കുവഴിയുള്ള ഇടപാടുകൾ നിജപ്പെടുത്തിയതും മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | സംസ്ഥാനത്തെ ബാങ്കുകളെല്ലാം തന്നെ ബാങ്കിങ്ങ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചും റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതവുമായാണ് പ്രവർത്തിക്കുന്നത്. അമിത ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആയത് സംസ്ഥാന തല ബാങ്കേഴ്സ് സമിതി (SLBC) യുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ